**പതിമൂന്നാം കേരള നിയമസഭ**
**പത്താം സമ്മേളനം**

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. * 450 05/02/2014-ൽ മറുപടിയ്ക്ക്

## ഹൈടെക് കൃഷി പ്രോത്സാഹിപ്പിക്കാൻ നടപടി

ചോദ്യം
ശ്രീ. എ.എ. അസീസ്

മറുപടി
**ശ്രീ. കെ.പി.മോഹനൻ**
(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി)

എ) സംസ്ഥാനത്ത് ഹൈടെക് കൃഷി വ്യാപകമാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

എ) 2012-13 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്ത് ഹൈടെക് കൃഷി വ്യാപകമാക്കുവാൻ കഴിഞ്ഞ ബഡ്ജറ്റിൽ പ്രഖ്യാപിച്ച ഹൈടെക് ഫാമിംഗ് പദ്ധതി നടപ്പിലാക്കി വരുന്നു. 400 ചതുരശ്ര മീറ്റർ വിസ്തീർണ്ണമുള്ള പോളി ഹൗസ് നിർമ്മിക്കുന്നതിന് ചെലവ് പ്രതീക്ഷിക്കുന്ന 3.74 ലക്ഷം രൂപയുടെ 75% തുകയായ 2,80,500/- രൂപ ധനസഹായമായി നൽകിവരുന്നു. ഇതിൽ 1.87 ലക്ഷം രൂപ ദേശീയ ഹോർട്ടിക്കൾച്ചർ മിഷൻ വിഹിതവും 0.935 ലക്ഷം രൂപ സംസ്ഥാന വിഹിതവുമായാണ് നിശ്ചയിച്ചിരിക്കുന്നത്.

2013-14-സാമ്പത്തിക വർഷത്തിലും പ്രസ്തുത പദ്ധതി നടപ്പിലാക്കുവാനുള്ള ഭരണാനുമതി ലഭിച്ചിട്ടുണ്ട്. 160000 ചതുരശ്ര മീറ്ററാണ് ലക്ഷ്യമിടുന്നത്. ഇതിൻ പ്രകാരം 400 മുതൽ 4000 ചതുരശ്ര മീറ്റർ വരെ വിസ്തീർണ്ണമുള്ള പോളിഹൗസ് നിർമ്മിക്കുന്നതിന്, ചതുരശ്ര മീറ്ററിന് ചെലവ് പ്രതീക്ഷിക്കുന്ന 935 രൂപയുടെ 75% തുകയായ 701.25 രൂപ ധനസഹായമായി നൽകുന്നതാണ്. ഇതിൽ 50 ശതമാനം തുകയായ 467.50 രൂപ ദേശീയ ഹോർട്ടിക്കൾച്ചർ മിഷൻ വിഹിതവും 233.75 രൂപ സംസ്ഥാന വിഹിതവുമായാണ് നൽകുന്നത്.

കൂടാതെ മുൻവർഷത്തിൽ നിന്നും നീക്കിയിരിപ്പുള്ള തുക വിനിയോഗിച്ചുകൊണ്ട് 400 ചതുരശ്ര മീറ്റർ വിസ്തീർണ്ണമുള്ള 111 (ആകെ 44400 ചതുരശ്ര മീറ്റർ) പോളീഹൗസുകൾ നിർമ്മിക്കുവാനും മാർച്ച് മാസം 31ന് മുമ്പായി പൂർത്തീകരിക്കാനുമാണ് ലക്ഷ്യമിടുന്നത്.

സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ രാഷ്ട്രീയ കൃഷി വികാസ് യോജനയുടെ സാമ്പത്തിക സഹായത്തോടു കൂടി നടപ്പിലാക്കിയ നാച്ച്വറലി വെന്റിലേറ്റഡ് ട്യൂബുലാർ സ്ട്രക്ച്ചറിലെ ഹൈടെക് കൃഷി പദ്ധതിയിൽ 90910 ചതുരശ്രമീറ്റർ പോളീഹൗസ് നിർമ്മിച്ചിട്ടുണ്ട്. സംസ്ഥാന

സർക്കാർ 2012-13-ൽ നടപ്പിലാക്കിയ സമഗ്ര പച്ചക്കറി വികസന പദ്ധതിയിൽ ഉൾപ്പെടുത്തിയും തിരഞ്ഞെടുക്കപ്പെട്ട കർഷകർക്ക് പരമാവധി 40 മുതൽ 4000 ചതുരശ്ര മീറ്റർ വരെയുള്ള പോളീഹൗസുകൾ നിർമ്മിക്കുന്നതിന് ചതുരശ്ര മീറ്ററിന് ചെലവ് പ്രതീക്ഷിക്കുന്ന 935 രൂപയുടെ 50% തുകയായ 467.50 രൂപ ധനസഹായമായി നൽകുന്നു.

സംസ്ഥാനത്ത് ഹൈടെക് കൃഷിയുടെ പ്രചരണാർത്ഥം പോളിഹൗസുകൾ സ്ഥാപിക്കുന്നതിനുള്ള 54 ലക്ഷം രൂപയുടെ ധനസഹായം വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിലിന് 2012-13 സാമ്പത്തിക വർഷം സർക്കാർ അനുവദിച്ചിരുന്നു. 500 ചതുരശ്ര മീറ്റർ വീതമുള്ള 12 പോളിഹൗസുകളുടെ നിർമ്മാണത്തിനാണ് ഈ തുക വിനിയോഗിച്ചത്. പോളിഹൗസുകൾ നിർമ്മിക്കുവാൻ സന്നദ്ധരായ കർഷകർക്ക് 4.5 ലക്ഷം രൂപ അല്ലെങ്കിൽ മൊത്തം ചെലവിന്റെ 75 ശതമാനം സബ്സിഡിയായി നല്കിയിട്ടുണ്ട്. ബാലരാമപുരം (തിരുവനന്തപുരം), എലവഞ്ചേരി (പാലക്കാട്), ശ്രീകൃഷ്ണപുരം (പാലക്കാട്), ഇഞ്ചക്കാട് (കൊല്ലം), പുഴക്കാട്ടിരി (മലപ്പുറം), കുര്യം (കോട്ടയം), കനകക്കുന്ന് (ഇടുക്കി), കല്പ്പറ്റ (വയനാട്), എടത്തല (എറണാകുളം), മുക്കം (കോഴിക്കോട്), പഴയന്നൂർ (തൃശ്ശൂർ) തുടങ്ങിയ പഞ്ചായത്തുകളിലും വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിലിന്റെ ഹെഡ്ക്വാർട്ടേഴ്സിലുമാണ് 12 പോളി ഹൗസുകൾ നിർമ്മിക്കുന്നത്. ഇതിൽ 11 പോളി ഹൗസുകളുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. കൂടാതെ 38 ഏക്കറിൽ പ്രിസിഷൻ കൃഷി നടപ്പിലാക്കിയിട്ടുണ്ട്.

| | | | |
|---|---|---|---|
| ബി) | നിലവിലെ കർഷകർക്ക് ഹൈടെക് കൃഷിയോട് ആഭിമുഖ്യം വരുത്തുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചു; | ബി) | കർഷകർക്ക് ഹൈടെക് കൃഷിയോട് ആഭിമുഖ്യം വരുത്തുന്നതിനായി കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള മണ്ണുത്തി കമ്മ്യൂണിക്കേഷൻ സെന്റർ, തവനൂർ കേളപ്പജി കോളേജ് ഓഫ് അഗ്രിക്കൾച്ചർ എഞ്ചിനിയറിംഗ് ആന്റ് ടെക്നോളജി എന്നിവിടങ്ങളിൽ പരിശീലനം നൽകി വരുന്നു. കൂടാതെ പോളീഹൗസ് നിർമ്മാണത്തിന്റെ പ്രാരംഭ ചെലവുകൾ കൂടുതലായതിനാൽ കേന്ദ്ര സർക്കാരിന്റെ മാനദണ്ഡ പ്രകാരം 400 മുതൽ 4000 ചതുരശ്ര മീറ്റർ വരെ നിർമ്മിക്കുന്ന പോളീഹൗസുകൾക്ക് ചതുരശ്രമീറ്ററിന് 935 രൂപ എന്ന നിരക്ക് അടിസ്ഥാനപ്പെടുത്തിയാണ് ധനസഹായം നൽകുന്നത്. ഈ തുകയുടെ 75 ശതമാനമായ 701.25 രൂപ ധനസഹായമായി അനുവദിക്കുന്നു. ഇതിൽ 50 ശതമാനം (467.5 രൂപ) ദേശീയ ഹോർട്ടിക്കൾച്ചർ മിഷന്റെ ധനസഹായമായും 25 ശതമാനം (233.75) തുക സംസ്ഥാന പദ്ധതി വിഹിതമായുമാണ് നൽകി വരുന്നത്. |

സി) പുതുതലമുറയെ ഹൈടെക് കൃഷി നടത്തുന്നതിന് പ്രോത്സാഹിപ്പി-ക്കാനും ട്രെയിനിംഗ് നൽകാനും എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

സി) കർഷകർക്ക് ഹൈടെക് കൃഷിയോട് ആഭിമുഖ്യം വരുത്തുന്നതിനായി കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള മണ്ണുത്തി കമ്മ്യൂണിക്കേഷൻ സെന്റർ, തവനൂർ കേളപ്പജി കോളേജ് ഓഫ് അഗ്രിക്കൾച്ചർ എഞ്ചിനിയറിംഗ് ആന്റ് ടെക്നോളജി എന്നിവിടങ്ങളിൽ പരിശീലനം നൽകി വരുന്നു. കൂടാതെ എല്ലാ ജില്ലയിലും ഹൈടെക് കൃഷി ചെയ്യുവാൻ താത്പര്യമുള്ളവർക്ക് പരിശീലനം ലഭ്യമാക്കുന്നതാണ്.

2012-13 സാമ്പത്തിക വർഷം വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ മുഖാന്തിരം നിർമ്മാണം പൂർത്തിയാക്കിയ പതിനൊന്ന് പോളി ഹൗസുകളുടെ സന്ദർശനം ഉൾപ്പെടുത്തിയുള്ള പരിശീലനങ്ങളും പഠനയാത്രകളും നടത്തുന്ന-തിനും അതുവഴി പുതുതലമുറയെ ഹൈടെക് കൃഷി നടത്തുന്നതിന് പ്രോത്സാഹിപ്പിക്കുവാ-നുമുള്ള നടപടികൾ വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ സ്വീകരി-ച്ചുവരുന്നു.

സെക്ഷൻ ഓഫീസർ